**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-7/1032/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 10.12.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

പുറപ്പുഴ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- പുറപ്പുഴ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

********************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പുറപ്പുഴ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :** 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-7/1032/2019 തീയതി : 10.12.2019

**ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

****************************************

ഇടുക്കി ജില്ലയിലെ **പുറപ്പുഴ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **17.12.2018** മുതൽ **21.10.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **9** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **6** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ. ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 22.10.2019 മുതൽ 30.10.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഏലിക്കുട്ടി മാണി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. കിഷോർ കെ. എസ്. | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. കിഷോർകുമാർ എസ്. | 01.04.2018 മുതൽ 02.11.2018 വരെ |
| | ശ്രീമതി. പ്രിയമോൾ തോമസ് | 03.11.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോബി കെ. ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. സ്മിത ആർ. മേനോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ. ബിന്ദു എം. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ബി. സുധാകർ | 01.04.2018 മുതൽ 30.06.2018 വരെ |
| | ഡോ. മിനി മോഹൻ | 01.07.2018 മുതൽ 31.03.201 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. നാരായണൻ നമ്പൂതിരി പി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. കുട്ടിച്ചൻ എം. കല്ലട | 01.04.2018 മുതൽ 07.03.2019 വരെ |
| | ശ്രീമതി. ശ്രീദേവി കെ. | 08.03.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുധർമണിയമ്മ എൽ. | 01.04.2018 മുതൽ 09.04.2018 വരെ |
| | ശ്രീമതി. ബിനു തോമസ് | 10.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജെസ്സി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ. ടോമി ജോസ് | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി. സുഷമ പി. എസ് | 01.06.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| | | **ഭാഗം – 1 (പൊതുഅവലോകനം)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിൽ ഉറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 13 | 1-13 | നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 14 | 1-14 | എസ്.എസ്.എ. വിഹിതം - നൽകൽ വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല |
| 15 | 1-15 | പാലിന് സബ്സിഡി – വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 16 | 1-16 | രജിസ്റ്റേർഡ് യുവജന ക്ലബ്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം സബ്സിഡി അധികരിച്ച് തുക ചെലവഴിച്ചു |

| | | |
|---|---|---|
| 17 | 1-17 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ അത്യാവശ്യ രേഖകൾ സൂക്ഷിക്കുന്നില്ല |
| 18 | 1-18 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 19 | 1-19 | ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക നീക്കിയിരിപ്പ് |
| 20 | 1-20 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| 21 | 1-21 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 22 | 1-22 | മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം |
| 23 | 1-23 | ദുരിതാശ്വാസ നിധി സംബന്ധിച്ച് |
| 24 | 1-24 | പൊതുടാപ്പുകളിലെ വെള്ളക്കരം അടയ്ക്കൽ – തനത് ഫണ്ടിൽ ഒടുക്കിയ തുക സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കിയിട്ടില്ല |
| 25 | 1-25 | പ്രളയ ദുരിതാശ്വാസം – തുക ഒടുക്കിയിട്ടില്ല |
| | | **ഭാഗം 2 – (വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **– ഇല്ല -** |
| | | **ഭാഗം 3 – (ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 26 | 3-1 | രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം സബ്സിഡി അധികരിച്ച് തുക ചെലവഴിച്ചു - ₹1,000/- |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 27 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 28 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 31 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 32 | 4-6 | സ്ഥിര നിക്ഷേപം |
| 33 | 4-7 | ഓഡിറ്റ് റിക്കവറി |

| | | |
|---|---|---|
| 34 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 35 | 4-9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 38 | **അനുബന്ധം** 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.03.2019ലെ 2(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.04.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹22,06,154.19 |
| വരവ് | ₹4,32,86,087.00 |
| ആകെ | ₹4,54,92,241.19 |
| ചെലവ് | ₹4,20,25,039.00 |
| നീക്കിയിരിപ്പ് | ₹34,67,202.19 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| **വികസന ഫണ്ട്**-ജനറൽ (ACR പ്രകാരം) | | 0 | 9144418 | 9144418 | 8468432 | 675989 |
| **വികസന ഫണ്ട്**-എസ്.സി.പി. (ACR പ്രകാരം) | | 0 | 1214000 | 1214000 | 1081980 | 132020 |
| **വികസന ഫണ്ട്**-ടി.എസ്.പി. (ACR പ്രകാരം) | | 0 | 118000 | 1214000 | 55368 | 62632 |
| **മെയിന്റനൻസ്**-റോഡ് (ACR പ്രകാരം) | | 0 | 4711000 | 4711000 | 4710920 | 80 |
| **മെയിന്റനൻസ്**-നോൺ റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2416791 | 363209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4248000 | 4248000 | 4243221 | 4779 |
| സാക്ഷരത | | 64281 | 71684 | 135965 | 69038 | 66927 |
| ദുരിതാശ്വാസനിധി | | 1117 | 0 | 1117 | 0 | 1117 |
| **എം.ജി. എൻ. ആർ. ഇ.ജി. എസ്** | തൊഴിലാളികളുടെ കൂലി | 0 | 15995449 | 15995449 | 15995449 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5920 | 1964787 | 1970707 | 19202602 | 68105 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ്. | | 145965 | 361300 | 507265 | 300000 | 207265 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രഫണ്ട് (ഒ.ഡി.എഫ്.) | | 738223 | 0 | 738223 | 476500 | 261723 |
| (ടോട്ടൽ സാനിട്ടേഷൻ) | | 0 | 12000 | 12000 | 0 | 12000 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** ശുചിത്വ മിഷൻ | | 323508 | 1729043 | 2052551 | 1365589 | 686962 |
| **ജോയിന്റ് വെഞ്ചർ അക്കൗണ്ട്** | ബ്ലോക്ക്പഞ്ചായത്ത് | 0 | 274083 | 274083 | 273960 | 123 |
| | ജില്ലാപഞ്ചായത്ത് | 0 | 320040 | 320040 | 320040 | 0 |
| ബി-ഫണ്ട് | | 0 | 45890 | 45890 | 45890 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6306403 | 6306403 | 6306403 | 0 |
| **തനത് ഫണ്ട്** | **ബാങ്ക് അക്കൗണ്ട്** | | | | | |
| | എസ്.സി.ബി വഴിത്തല | 1454123.19 | 11150422.00 | 12604544.74 | 10389291.00 | 2215254.19 |
| | ട്രഷറി അക്കൗണ്ട് | 207039 | 8795185 | 9002224 | 8314931 | 687293 |
| **മറ്റിനം** | | | | | | |
| എം.എൽ.എ.ഫണ്ട് | | 4692 | 105 | 4797 | 0 | 4797 |
| നിർമ്മൽ പുരസ്കാർ | | 78449 | 0 | 78449 | 0 | 78449 |
| ബയോഡൈവേഴ്സിറ്റി | | 420000 | 0 | 420000 | 9999 | 410001 |
| പ്രളയ ദുരിതാശ്വാസം ഗ്രാന്റ് | | 0 | 175000 | 175000 | 175000 | 0 |
| വിമുക്തി | | 0 | 20000 | 20880 | 8200 | 17555 |
| കേരളോൽസവം | | 880 | 20000 | 20880 | 8200 | 12680 |
| ആധാർ ഇൻസെന്റീവ് | | 0 | 78 | 0 | 0 | 78 |

**1-5 പദ്ധതി അവലോകനം**

**(എ)** ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 47512596 | 114 | 29867073 | 0 | 20 | 85.07 |

(ബി)

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് ₹ |
|---|---|---|---|---|
| 1. | സെക്രട്ടറി | 18 | 18 | 3653461 |
| 2. | അസി. എൻജി. | 67 | 48 | 11846513 |
| 3. | വെറ്ററിനറി സർജൻ | 7 | 7 | 682767 |
| 4. | കൃഷി ഓഫീസർ | 2 | 2 | 312783 |
| 5. | വി.ഇ.ഒ. | 14 | 13 | 9159233 |
| 6. | ഐ.സി.ഡി.എസ്. | 5 | 5 | 2141460 |
| 7. | എം.ഒ.പി.എച്ച്.സി. | 2 | 2 | 421589 |
| 8. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 7 | 7 | 649991 |
| 9. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 6 | 6 | 260000 |
| 10. | ഹെഡ് മാസ്റ്റർ | 4 | 4 | 439276 |
| 11. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 300000 |
| | **ആകെ** | **134** | **114** | **29867073** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 15995449 | 15995449 | 15995449 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5920 | 1964787 | 1970707 | 19202602 | 68105 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34440 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 3843000 | 921 |
| വിധവാപെൻഷൻ | 3853800 | 889 |
| വാർദ്ധക്യകാലപെൻഷൻ | 10594100 | 2349 |
| വികലാംഗപെൻഷൻ | 1624400 | 363 |
| അവിവാഹിത പെൻഷൻ | 324000 | 75 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹34,704/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോട്ടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം</u>

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റ് സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാങ്ങിയ സാധന

സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും 3 പ്രാവശ്യം സമ്മേളിച്ചിട്ടുണ്ട്. കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 | 09/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2004-2005 മുതൽ 2008-2009 വരെ | 22.02.2010 മുതൽ 06.03.2010 വരെ | 10.04.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

**1) വസ്തുനികുതി**

ബാലൻസ്, കുടിശ്ശിക തുകകൾ സഞ്ചയ-യിലെയും വാർഷിക കണക്കിലെയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | സാംഖ്യ പ്രകാരം തുക ₹ | സഞ്ചയ പ്രകാരം തുക ₹ |
|---|---|---|
| **വസ്തുനികുതി**-റസിഡൻഷ്യൽ (കറന്റ്) | 92046 | 36999 |
| **വസ്തുനികുതി**-റസിഡൻഷ്യൽ (കുടിശ്ശിക) | 8132 | 10110 |
| **വസ്തുനികുതി**-നോൺ റസിഡൻഷ്യൽ (കറന്റ്) | 53934 | 46012 |
| **വസ്തുനികുതി**-നോൺ റസിഡൻഷ്യൽ (കുടിശ്ശിക) | 87695 | 122107 |

**2)** മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത താഴെ പറയുന്ന ചെക്കുകൾ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. ചെക്ക് നം. 2170436/തീ.20.02.2014, ₹500/- ചെ. നം. 74076/തീ. 12.05.2016 ₹3,000/-.

## 1-12 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**1. വസ്തുനികുതി ഇനത്തിൽ തുക ഈടാക്കാനവശേഷിക്കുന്നു**

വാർഷിക കണക്കുകൾ പ്രകാരം പാർപ്പിട-പാർപ്പിടേതര ഇനങ്ങളിലായി ₹2,41,807/- വസ്തു നികുതി ഇനത്തിൽ

ഈടാക്കാനവശേഷിക്കുന്നു. നികുതി തുകകൾ കാലഹരണപ്പെട്ടുപോകാതെ അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. സഞ്ചയ-സാംഖ്യ തുകകളിൽ വ്യത്യാസം**

| വസ്തു നികുതി ഇനം | സാംഖ്യ ₹ | | | സഞ്ചയ ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടാവശ്യം(തൻവർഷം) | 10,09,027 | 8,89,942 | 87,448 | 10,09,027 | 9,21,364 | 36,999 |
| പാർപ്പിടാവശ്യം(കുടിശ്ശിക) | | 1,50,688 | 7,725 | 158,432 | 1,50,688 | 10,110 |
| പാർപ്പിടേതരാവശ്യം(തൻവർഷം) | 8,98,621 | 8,45,419 | 51,237 | 898,621 | 8,47,255 | 46,012 |
| പാർപ്പിടേതരാവശ്യം(കുടിശ്ശിക) | | 1,14,897 | 83,310 | 198,416 | 1,14,897 | 1,22,107 |

സഞ്ചയ-സാംഖ്യ തുകകൾ വ്യത്യാസം വന്നതിന് വിശദീകരണം നൽകേണ്ടതാണ്. അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**3. സ്വകാര്യ സ്കൂളുകളിന്റെ വസ്തു നികുതി ഈടാക്കുവാൻ സാധിക്കുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളായ ബാപ്പുജി പബ്ലിക് സ്കൂൾ, വഴിത്തലയുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാതെ നഷ്ടപ്പെടുന്നു. ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ അംഗീകൃത സ്കൂളുകൾക്ക് മാത്രമാണ് വസ്തു നികുതി ഒഴിവാക്കിയിട്ടുള്ളത്(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207ൽ 2013ൽ വരുത്തിയ ഭേദഗതി പ്രകാരം). പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ I/241 നമ്പർ കെട്ടിടം ബാപ്പുജി പബ്ലിക് സ്കൂളിന്റെ ഉടമസ്ഥതയിലുള്ളതാണ്. വസ്തു നികുതി ഒടുക്കുന്നതിനെതിരെ സി.ബി.എസ്.ഇ. സ്കൂൾ മാനേജ്മെന്റ് ഫയൽ ചെയ്ത ഹർജിയിൽ ടി സ്കൂൾ കക്ഷി ചേർന്ന് WPC No.36533/2016(N) /04-04-2017 നം. കേസ് ഹൈക്കോടതിയിൽ നില നിൽക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകിയപ്പോൾ നികുതി ഈടാക്കുന്നതിനെതിരെ സ്റ്റേ ഓർഡർ ഉത്തരവ് സ്കൂൾ അധികൃതർ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ടി കേസിന്റെ സ്റ്റാറ്റസ് 'for hearing' എന്നാണ്. വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന ഫീസ് വാങ്ങി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ സർക്കാരിലേക്ക് ഒടുക്കേണ്ട നികുതി പണം ഒടുക്കാൻ വിമുഖത കാണിക്കുന്നു. ടി സ്കൂളിന്റെ വസ്തു നികുതി കാലഹരണപ്പെടാതെ വർഷാവർഷം ഡിമാന്റ്

ചെയ്യുന്നതിനും കേസ് തീർപ്പാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാനും പഞ്ചായത്ത് അധികാരികൾ ശ്രദ്ധിയ്ക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയും ഇക്കാര്യത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

### 1-13 നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രവർത്തി ആരംഭിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ₹15,47,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിൽ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800718/18.12.2018 | 1447000 | 0 | 1447000 |
| കേരളാ വാട്ടർ അതോറിറ്റി | അംഗൻവാടികൾക്കും സി.എച്ച്.സി. സബ്സെന്ററിനും കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 79631/05.03.2019 | 100000 | 0 | 100000 |

### 1-14 എസ്.എസ്.എ. വിഹിതം - നൽകൽ വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | : എസ്.0003/19 (എസ്.എസ്.എ. വിഹിതം നല്കൽ) |

എസ്.എസ്.എ. വിഹിതം നല്കുന്നതിനായി തൻവർഷം ₹2,50,000/- ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. നൽകിയ ₹2,50,000/- വിനിയോഗിച്ചതിന്റെ ഒരു രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ തൻവർഷം ചെലവാകുന്ന തുകയായ ₹16,22,568/-ന്റെ ആനുപാതിക വിഹിതമായ ₹6,49,027/- ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ ₹250,000/-യാണ് ഗ്രാമപഞ്ചായത്ത് എസ്.എസ്.എ. വിഹിതമായി നല്കിയിരിക്കുന്നത്. എന്നാൽ ₹2.50,000/-ന്റെ മാത്രം

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനാൽ യഥാർത്ഥത്തിൽ തൻവർഷം തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിൽ പറഞ്ഞിരുന്ന എല്ലാ ഇനങ്ങൾക്കും തുക വിനിയോഗിച്ചിട്ടുണ്ടോ എന്നും ആയതിന്റെ ആനുപാതികമായി തന്നെയാണോ പഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിനിയോഗം എന്നും വ്യക്തമല്ല. നൽകുന്ന തുകകൾ യഥാവിധി ചെലവഴിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത രേഖയുടെ അഭാവത്തിൽ ചെലവഴിച്ച തുക ₹2,50,000/- തടസ്സപ്പെടുത്തുന്നു.

### 1-15 പാലിന് സബ്സിഡി - വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് : | എസ്. 0017/19, (പാലിന് സബ്സിഡി ജനറൽ) |
| | എസ്. 0018/19, (പാലിന് സബ്സിഡി വനിത) |
| ബിൽ നം : | 1/18-19 തീ. 18.01.19 ₹50,000/- |
| | 2/18-19 തീ. 18.01.19 ₹2,50,000/- |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികളുടെ ഗുണഭോക്താക്കൾ, വഴിത്തല ആപ്കോസ്, സൗത്ത് വഴിത്തല ആപ്കോസ്, കുണിഞ്ഞി ആപ്കോസ്, നെടിയശാല ആപ്കോസ് എന്നിവിടങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകരാണ്. മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച ₹50,000/-യിൽ ₹29,350/-യും ₹2,50,000/-യിൽ ₹1,50,000/-യും സൗത്ത് വഴിത്തല ആപ്കോസിന് നല്കിയിട്ടുണ്ട്. പിൻവലിച്ചതിൽ ബാക്കി തുക വഴിത്തല ആപ്കോസ്, നെടിയശാല ആപ്കോസ് , കുണിഞ്ഞി ആപ്കോസ് എന്നിവ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സൗത്ത് വഴിത്തല ആപ്കോസിന് നൽകിയ ₹1,79,350/- ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹1,79,350/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-16 രജിസ്റ്റേഡ് യുവജന ക്ലബ്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം - സബ്സിഡി അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.128/19 |
| ബിൽ നം : | 4/18-19 തീ. 07.03.19 ₹5,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഹെഡ് മാസ്റ്റർ |
| പദ്ധതി : | രജിസ്റ്റേഡ് യുവജന ക്ളബ്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം |

സ.ഉ(കൈ)നം.22/18/തസ്വഭവ./തിരു./തീ.14.02.18ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.13(1) പ്രകാരം രജിസ്റ്റേഡ്

യുവജന ക്ലബുകൾക്ക് (ഒരു സംഘടനക്ക്) ₹4,000/-യിൽ അധികരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ നല്കാവുന്നതാണ്. മേൽ പദ്ധതിയിൽപ്പെടുത്തി ടാക്കോൺ സ്പോർട്സ്, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും ₹5,000/- ചെലവഴിച്ച് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വള്ളിക്കെട്ട് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന് നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ ₹1,000/- അധികമായി ചെലവ് ചെയ്തിരിക്കുന്നു.

### 1-17 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ അത്യാവശ്യ രേഖകൾ സൂക്ഷിക്കുന്നില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ലോക്കേഷൻ സ്കെച്ച്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. കൂടാതെ റോഡ് പ്രവൃത്തികളുടെ ചെയിനേജ് എസ്റ്റിമേറ്റിലും അളവ് ബുക്കിലും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തൻവർഷം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കൃത്യമായി കണ്ടെത്തുവാൻ കഴിയുന്നില്ല. ചില പ്രവൃത്തികളിൽ ടെണ്ടർ നടപടികളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-18 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-19 ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക നീക്കിയിരിപ്പ്

ദാരിദ്ര്യ നിർമ്മാർജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടം പ്രോജക്ടുകൾക്ക് വേണ്ടി നൽകിയ തുകയിൽ ₹13,03,503/- ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ഇട്ടിരിക്കുന്നത്

ശരിയായ നടപടിയല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി - അവലോകനം

**1) ഫണ്ട് വിശകലനം**

ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും നാളിതുവരെ ലഭിച്ചതും ചെലവായതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | വരവ് ₹ | ചെലവ് ₹ |
|---|---|---|
| പ്ലാൻ ഫണ്ട് | 2100000 | 2100000 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 204083 | 204083 |
| ജില്ലാപഞ്ചായത്ത് വിഹിതം | 220040 | 220040 |
| ലോൺ വിഹിതം | 5078975 | 5078975 |
| **ആകെ** | **7399015** | **7399015** |

**2. ഗുണഭോക്തൃ വിശകലനം**

ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 33 ഗുണഭോക്താക്കളിൽ അർഹരായ 28ൽ 25 ഗുണഭോക്താക്കളും വീടിന്റെ പണി ആരംഭിച്ചു. ഇതിൽ 22 പേർ വീടിന്റെ പണി പൂർത്തീകരിച്ചു. ബാക്കിയായ 3 പേർ മേൽക്കൂര വരെയുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചതിൽ ₹74,40,000/- ചെലവഴിച്ചിട്ടുണ്ട്.

## 1-21 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-22 മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രോഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകുന്നില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനമായിരിക്കേണ്ടതാണ്.

നിർവ്വഹണ ഘട്ടത്തിൽ വിഭാവനം ചെയ്ത ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 ദുരിതാശ്വാസ നിധി സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് 11-05-2013ൽ - ഐ.ഡി.സി.ബാങ്ക്, വഴിത്തല_ശാഖയിൽ നം.120171201200004 ആയി സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസ നിധിയ്ക്കായ് ₹1,117/- നിക്ഷേപിച്ച് ഒരു അക്കൌണ്ട് ആരംഭിച്ചിരുന്നുവെങ്കിലും ശേഷം പണമിടപാടുകളൊന്നും നടത്തിയിട്ടില്ല. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൌണ്ട് സജീവമാക്കേണ്ടതാണ്.

### 1-24 പൊതു ടാപ്പുകളിലെ വെള്ളക്കരം അടയ്ക്കൽ - തനത് ഫണ്ടിൽ ഒടുക്കിയ തുക സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 140/19 (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| അടങ്കൽ | ₹2,14,750/- |
| ബിൽ നം. | 35/18-19/23.01.2019 ₹20,500/- |

പഞ്ചായത്തിലെ 74 പൊതു ടാപ്പുകൾക്ക് പ്രതിമാസം ₹32,375/- വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നുണ്ട്. 6 മാസത്തെ തുക മെയിന്റനൻസ് ഗ്രാന്റിൽ (നോൺ-റോഡ്) നിന്നും ഒടുക്കിയിട്ടുണ്ട്. എന്നാൽ മെയിന്റനൻസിൽ ഗ്രാന്റിൽ നിന്നും മേൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച ₹20,500/- വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ആയതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ച ₹20,500/- സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 പ്രളയ ദുരിതാശ്വാസം - തുക ഒടുക്കിയിട്ടില്ല

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനയായി തൻവർഷം ₹2,82,401/- ലഭിച്ചതിൽ ₹2,61,938/- മാത്രമേ ഒടുക്കിയിട്ടുള്ളൂ. അടയ്ക്കുവാൻ ബാക്കിയായ തുക ₹20,643/- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 രജിസ്റ്റേഡ് യുവജന ക്ലബ്കൾക്ക് സ് പോർട്സ് കിറ്റ് വിതരണം സബ്സിഡി അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.-128/19 |
| ബിൽ നം | 4/18-19 തീ. 07.03.2019 ₹5,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി | രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |

സ.ഉ.(കൈ)നം. 22/18/തസ്വഭവ./തിരു./തീ. 14.02.2018ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.13(1) പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് (ഒരു സംഘടനക്ക്) ₹4,000/-യിൽ അധികരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ നല്കാവുന്നതാണ്. മേൽ പദ്ധതിയിൽപ്പെടുത്തി ടാക്കോൺ സ്പോർട്സ്, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും ₹5,000/- ചെലവഴിച്ച് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വള്ളിക്കെട്ട് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന് നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് ചെലവഴിച്ച ₹1,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019, 15.06.2019 | കെ.എസ്.എ.-ഐ.ഡി.കെ.3/520(37) തീ.16.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 204083 | ലൈഫ് ഭവന നിർമ്മാണം | 203960 | 123 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 70000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 70000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 220040 | ലൈഫ് ഭവന നിർമ്മാണം | 220040 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിൽ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800718/18.12.2018 | 1447000 | 1447000 | 1447000 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക്നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രത്യേകം ലൈൻ വലിക്കൽ | 21800695/12.11.2018 | 385000 | 385000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | അംഗൻവാടികൾക്കും സി.എച്ച്.സി. സബ്സെന്ററിനും കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 79631/05.03.2019 | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹50,78,975/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | സ.ഉ.(സാധാ)നം.510/ 2010/തസ്വഭവ തീയതി 17.02.2010 | 5400000 | 380000 | 380000 | - | 0 |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം. എസ്.) നം.68/ 2018/എൽ.എസ്.ജി.ഡി തീയതി 18.05.2018 | 5078975 | 5078975 | 0 | 0 | 5078975 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

**എ. ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക**

**- ഇല്ല -**

**ബി. സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയി | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ട്ടുണ്ടോ? | | | തുക ₹ | തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) part | ജിജി തോമസ്, അസി. എൻജിനീയർ | LF21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2819 | ഇല്ല | ഇല്ല | - | - | - | - | 2819 | - |
| 2 | | 2005-06 | 3-9(2) part | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 5199 | ഇല്ല | ഇല്ല | - | - | - | - | 5199 | - |
| 3 | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | ഇല്ല | ഇല്ല | - | - | - | - | 2078 | - |
| 4 | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | ഇല്ല | ഇല്ല | - | - | - | - | 526 | - |
| 5 | | 2005-06 | 3-9(3) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | - | ഇല്ല | - | - | - | - | 2078 | - |
| 6 | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ | 526 | - | ഇല്ല | - | - | - | - | 526 | - |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | C.Sc./ C1/09 Dt. 10.01.13 | | | | | | | | | |
| 7 | | 2005-06 | 3-9(1) part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 2819 | - | ഇല്ല | - | - | - | - | 2819 | - |
| 8 | | 2005-06 | 3-9(2) part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 5199 | - | ഇല്ല | - | - | - | - | 5199 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,32,86,087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,20,25,039 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹19,76,350 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 1000 | ശ്രീമതി. സുഷമ പി. എസ്,<br>ഹെഡ് മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1547000 | ശ്രീ. കെ. എസ്. കിഷോർ, സെക്രട്ടറി |
| 1-14 | 250000 | ശ്രീ. കെ. എസ്. കിഷോർ, സെക്രട്ടറി |
| 1-15 | 179350 | ശ്രീ. നാരായണൻ നമ്പൂതിരി പി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. എസ്. കിഷോർ സെക്രട്ടറി | സെക്രട്ടറി, പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 8/80ഗസൽ, തിരുമല പി.ഒ, ആൽപുരം റോഡ്, തിരുവനന്തപുരം |
| ശ്രീ. നാരായണൻ നമ്പൂതിരി പി. ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അടുത്തുൺ പറ്റി | സൗപർണ്ണിക, അതിരമ്പുഴ പി. ഒ. കോട്ടയം ജില്ല |
| ശ്രീമതി. സുഷമ പി. എസ്. ഹെഡ് മാസ്റ്റർ | അടുത്തുൺ പറ്റി | വള്ളിതെക്കേടത്ത്, തൊടുപുഴ മുനിസിപ്പാലിറ്റി തൊടുപുഴ പി. ഒ. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/2018/10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13/07.02.2013 | 15 | 2-1, 2-2(എ), 2-3, 2-6, 3-1 മുതൽ 3-11 വരെ |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.ഐ.10/1195/11/07.01.2012 | 10 | 2-3(1, 2), 2-4, 2-10,<br>3-1, 3-6 മുതൽ 3-11 വരെ |
| 2008-09 | എൽ.എഫ്.ഐ.10/656/12/03.08.2012 | 6 | 2-3, 2-4, 2-5,<br>3-3, 3-4, 3-5 |
| 2009-10 | എൽ.എഫ്.ഐ.10/984/16/26.12.2016 | 5 | 3-1, 3-2, 3-3,<br>3-4, 3-6 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ.10/375/17/18.04.2017 | 5 | 2-3, 2-4(ബി),<br>3-3, 3-11, 3-13 |
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ.7/288/15/10.06.2015 | 8 | 2-2, 2-3, 3-2, 3-3,<br>3-4, 3-6, 3-7, 3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/738/17/01.08.2017 | 1 | 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ7/1319/2017/05.12.2017 | 6 | 2-1, 2-2, 2-5,<br>3-2, 3-3, 3-5 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ71405/18/31.01.2019 | 12 | 2-1,2-2,3-1 മുതൽ3-10 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**ഓഡിറ്റ് സാക്ഷ്യപത്രം**

**അനുബന്ധം – 1**

**നം.കെ.എസ്.എ-ഐ.ഡി.കെ-7/1032/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 10.12.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനി വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **പുറപ്പുഴ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

Annexure – 2

**AUDIT CERTIFICATE**

No.KSA-IDK-7/1032/2019

Office of the Senior Deputy Director of Kerala
State Audit Department

District Office, Idukki

Thodupuzha – 685 584

PURAPPUZHAPhone : 04862-227332

*E-mail : doidk.ksad@kerala.gov.in*

Date. 10.12.2019

Certified that I have audited the Annual Financial Statement of **PURAPPUZHA** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **PURAPPUZHA** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**